# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ.തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 119**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ആരോഗ്യമുള്ള സമൂഹം എല്ലാവരുടെയും ആഗ്രഹമാണ്. നമ്മുടെ കർത്താവിന്റെ പരസ്യ ശുശ്രൂഷയുടെ സുപ്രധാനഭാഗമായിരുന്ന സൗഖ്യദായക ശുശ്രൂഷ സഭയിലൂടെയും മറ്റ് ആതുര ശുശ്രൂഷാരംഗങ്ങളിലൂടെയും നിർവഹിച്ചുകൊണ്ടിരിക്കുന്നു. സഭയിലൂടെ നടക്കുന്ന ഈ മഹത്തായ ശുശ്രൂഷയെ ഓർക്കുന്നതിനും, അതിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും, പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിനുമായി 2024 ഫെബ്രുവരി 4–ാം തീയതി മെഡിക്കൽ മിഷൻ ഞായറാഴ്ചയായി സഭ ആചരിക്കുന്നു.

മാർത്തോമ്മാ മെഡിക്കൽ മിഷന്റെ സുവർണ്ണജൂബിലിയുടെ ഭാഗമായി മുംബൈ റ്റാറ്റ മെമ്മോറിയൽ സെന്ററുമായി സഹകരിച്ച് കറ്റാനം സെന്റ് തോമസ് മിഷൻ ആശുപത്രിയിൽ ആരംഭിച്ച ഓങ്കോളജി വിഭാഗവും കൊട്ടാരക്കര എപ്പിസ്കോപ്പൽ ജൂബിലി മന്ദിരത്തിൽ ആരംഭിച്ച പെയ്ൻ ആൻഡ് ക്യാൻസർ പാലിയേറ്റീവ് കെയർ സെന്ററും പ്രവർത്തനത്തിൽ മികവ് പുലർത്തുന്നു.

കുറഞ്ഞ ചെലവിൽ രോഗനിർണ്ണയവും വിദഗ്ധ ചികിത്സയും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മാർത്തോമ്മാ മെഡിക്കൽ മിഷൻ ബോർഡിന്റെ ചുമതലയിൽ പ്രധാനമായി കറ്റാനം സെന്റ് തോമസ് മിഷൻ ഹോസ്പിറ്റൽ, കുമ്പനാട് മാർ ക്രിസോസ്റ്റം ഫെലോഷിപ്പ് മിഷൻ ഹോസ്പിറ്റൽ, ചുങ്കത്തറ മാർത്തോമ്മാ മിഷൻ ഹോസ്പിറ്റൽ എന്നീ ആശുപത്രികൾ പ്രവർത്തിക്കുന്നു.

250 കിടക്കകളുള്ള കറ്റാനം സെന്റ് തോമസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സാവിഭാഗവും, 12 യൂണിറ്റുകളുള്ള ഡയാലിസിസ് സെന്ററും എടുത്തു പറയത്തക്കവയാണ്. ആശുപത്രിയോട് അനുബന്ധിച്ച് ബി.എസ്.സി നഴ്സിംഗ്, എം. എസ്. സി നഴ്സിംഗ്, ജനറൽ നഴ്സിംഗ്, ഓക്സിലറി ആന്റ് മിഡ് വൈഫ്, ബി.ഫാം, ഡി.ഫാം എന്നീ കോഴ്സുകളിലായി 699 കുട്ടികൾ പഠിക്കുന്നു.

150 കിടക്കകളുള്ള കുമ്പനാട് മാർ ക്രിസോസ്റ്റം ഫെലോഷിപ്പ് മിഷൻ ആശുപത്രിയോട് ചേർന്നുള്ള എ.എം.എം. ജെറിയാട്രിക് സെന്ററിന്റെ പ്രവർത്തനങ്ങളും കമ്മ്യൂണിറ്റി പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. ജെറിയാട്രിക് സെന്ററിൽ ഇപ്പോൾ 110 അംഗങ്ങൾ താമസിക്കുന്നു. അബുദാബി മാർത്തോമ്മാ ഇടവകയുടെ സഹായത്തോടു കൂടെ ആരംഭിച്ച ഡയാലിസിസ് സെന്ററിൽ 13 യൂണിറ്റുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ അഞ്ചുനില കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള ക്രമീകരണം ചെയ്യുന്നു. 2023 ജൂൺ 6 മുതൽ പുതിയതായി ഗൈനക്കോളജി വിഭാഗം പ്രവർത്തനം ആരംഭിച്ചു. Endocrinology, Neurology, Psychiatry എന്നീ വിഭാഗങ്ങളും പുതുതായി ഇവിടെ പ്രവർത്തിക്കുന്നു. അടുത്ത സാമ്പത്തിക വർഷം പുതിയ ഒരു നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ ചെയ്തു വരുന്നു.

50 കിടക്കകളോടുകൂടിയ ചുങ്കത്തറ മാർത്തോമ്മാ മിഷൻ ആശുപത്രിയുടെ പ്രവർത്തനങ്ങളും അനുഗൃഹീതമായി നടക്കുന്നു. 10 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ആശുപത്രിയുടെ വികസനത്തിനായി ബാംഗ്ലൂർ ആസ്ഥാനമായുള്ള TIMT Charitable Trust സഹായം ചെയ്ത് വരുന്നു.

സഭയുടെ സ്പോൺസർഷിപ്പോടുകൂടി വെല്ലൂർ, ലുധിയാന എന്നീ ക്രിസ്ത്യൻ മെഡിക്കൽ കോളേജുകളിൽ വിവിധ കോഴ്സുകളിൽ കുട്ടികൾ പഠിക്കുന്നു. മെഡിക്കൽ ക്യാമ്പുകൾ, സൗജന്യ ചികിത്സാ പദ്ധതികൾ, കുറഞ്ഞ ചിലവിലുള്ള ഡയാലിസിസ് ചികിത്സ, പാലിയേറ്റീവ് കെയർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ തുടങ്ങിയവയിലൂടെ സമൂഹത്തിലെ നിർദ്ധനരുടെ ജീവിതത്തിലേക്ക് ഇറങ്ങി ചെല്ലുവാൻ സാധിക്കുന്നു. നിർദ്ധനരായ രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ലഭ്യമാക്കുന്നതിന് സഭാജനങ്ങളുടെ ഔദാര്യപൂർവ്വമായ സഹകരണം പ്രതീക്ഷിക്കുന്നു. ഒരു സൗജന്യ ഡയാലിസിസിന് 1200 രൂപ ചെലവാകും എന്ന് ഓർമ്മിപ്പിക്കുന്നു. സംഭാവനകൾ അയയ്ക്കുവാൻ താൽപര്യപ്പെടുന്നവർക്ക് അതത് ആശുപത്രികളിലേക്കും മെഡിക്കൽ മിഷൻ ആഫീസിലേക്കും അയയ്ക്കാവുന്നതാണ്. പ്രിയരേ, നമ്മുടെ ആശുപത്രികളുടെ ഭൗതീക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് ഗുണമേന്മയുള്ള ചികിത്സ സമൂഹത്തിലെ എല്ലാ വിഭാഗം ആളുകൾക്കും ലഭ്യമാക്കുന്നതിനുള്ള സഭയുടെ ഉദ്യമത്തിന് എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

2024 ഫെബ്രുവരി 4–ാം തീയതി ഞായറാഴ്ച ആരാധനാമദ്ധ്യേ മെഡിക്കൽ മിഷൻ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും സ്തോത്രകാഴ്ച സമർപ്പിക്കുകയും ചെയ്യണം. ഈ വർഷം സ്തോത്രകാഴ്ച ഇനത്തിൽ 25 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണം എന്നു ഉദ്ബോധിപ്പിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പുലാത്തീനിൽ നിന്നും 2024 ജനുവരി 10–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 119**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

A healthy society is everyone's desire. The ministry of healing, which was an important part of our Lord's public ministry, is being carried out through the Church and other medical care facilities. We as a Church have set apart the Sunday, 4th February 2024 as the Medical Mission Sunday to remember this great ministry of the Church, to pray for those engaged in it, and to support its activities financially.

As part of the Golden Jubilee of Mar Thoma Medical Mission, the Oncology Department started at Kattanam St. Thomas Mission Hospital in association with Mumbai Tata Memorial Centre, and the Pain and Cancer Palliative Care Centre started at the Episcopal Jubilee Mandiram, Kottarakara, are excelling in their mission.

With the goal of the best diagnosis and treatment at the most affordable rates, these hospitals function under the Mar Thoma Medical Mission Board; mainly, St. Thomas Mission Hospital, Kattanam; Mar Chrysostom Fellowship Mission Hospital, Kumbanad; Mar Thoma Mission Hospital, Chungathara.

In the St. Thomas Mission Hospital, Kattanam, with 250 beds, the ophthalmology department and the dialysis centre with 12 units are of special mention. 699 students study in various courses in the hospital, viz., B.Sc. (Nursing), M.Sc. (Nursing), General Nursing, Auxiliary and Midwifery, B. Pharm, and D. Pharm.

Associated with the Mar Chrysostom Fellowship Mission Hospital, Kumbanad, with 150 beds, the activities of the A.M.M. Geriatric centre and the community palliative care are commendable. 110 members stay at the geriatric centre presently. The dialysis centre with 13 units, which was started with the help of the Abu Dhabi Mar Thoma Church, is functioning well. The preparations for the construction of a five-storey building with all modern facilities are being made. A new gynaecology department was started on 6th June 2023. In addition, the departments of Endocrinology, Neurology, and psychiatry have been started newly. Steps are being taken to start a new nursing college in the next financial year.

The activities of the Mar Thoma Mission Hospital, Chungathara, with 50 beds are progressing in a blessed manner. 10 dialysis units are functioning. The development work of the hospital is carried out with the help of the TIMT Charitable Trust, headquartered in Bangalore.

Students are studying in various courses at the Christian Medical Colleges at Vellore and Ludhiana, under the sponsorship of the Church. We are able to help the poor through medical camps, free medical assistance schemes, dialysis treatment at low rates, palliative care, and community health centres. The generous contribution of all is expected towards free dialysis of poor patients. Such free treatment incurs an expense of Rs. 1,200 for one dialysis. Those who wish to contribute may do so at the respective hospitals or at the Medical Mission office. Beloved, we expect the cooperation of all in the efforts of the Church to increase the physical conditions of our hospitals, so as to make quality treatment available to all sections of the society.

During the worship service on 4th February 2024, we must remember and pray for the activities of the Medical Mission, and submit offertories for the same. This year, Rs. 25 lakhs is expected as offertory towards this cause. We exhort the earnest participation of all in this concern.

Grace be with you all.

Dated 10th January 2024, from Poolatheen, Thiruvalla,

**Dr. Theodosius Mar Thoma Metropolitan**